VICTERS ചാനലിൽ സംപ്രേഷണം ചെയ്യുന്ന
ഹിന്ദി ഓൺലൈൻ ക്ലാസ്സുകളെ
അടിസ്ഥാനമാക്കിയുള്ള പഠനസഹായി

ഫസ്റ്റ് ബെൽ

# हिंदी

## कक्षा X

# टूटा पहिया

कविता



PREPARED BY :
ARJUN K, HST HINDI, GHSS NARIKKUNI, KOZHIKODE &
SHIGESH G S, HST HINDI, KKMGVHSS ORKKATTERI, KOZHIKODE

*പ്രിയപ്പെട്ട വിദ്യാർത്ഥികളെ,*

എസ്.എസ്.എൽ.സി ഹിന്ദി പാഠപുസ്തകത്തിലെ മൂന്നാം അധ്യായം टूटा पहिया ആണ്. ഈ രചന ശ്രീ ധർമവീർ ഭാരതിയുടെ सात गीत वर्ष (ഗാനങ്ങളുടെ ഏഴ് വർഷങ്ങൾ) എന്ന കാവ്യസമാഹാരത്തിൽ നിന്നും തിരഞ്ഞെടുത്തതാണ്.

ഇതൊരു പ്രതീകാത്മക കവിത ( Symbolic Poem ) ആണ്. മഹാഭാരത കഥയിലെ അഭിമന്യു ആണ് കവിതയിലെ കേന്ദ്രപാത്രം. കുരുക്ഷേത്ര യുദ്ധവേളയിൽ അർജ്ജുനപുത്രനായ അഭിമന്യു ചക്രവ്യൂഹം ഭേദിക്കുന്നതും, വീരമൃത്യു പ്രാപിക്കുന്നതുമായ കഥാ-സന്ദർഭമാണ് കവിതയ്ക്ക് ആധാരം. പുരാണകഥയാണ് കവിതയ്ക്ക് ആധാരമെങ്കിലും വളരെയധികം കാലികപ്രസക്തിയുള്ള ഒരു രചനയാണിത്.

टूटा पहिया (പൊട്ടിയ ചക്രം) ഒരു പ്രതീകമാണ്. ഈ പ്രതീകം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മാനുഷികമൂല്യങ്ങൾ, ഉപേക്ഷിക്കപ്പെട്ടവരും, പാർശ്വവത്ക്കരിക്കപ്പെട്ടവരുമായ സാധാരണ മനുഷ്യർ എന്നിവയെ പ്രതിനിധാനം ചെയ്യുന്നു. മാനുഷികമൂല്യങ്ങൾ കൈവിടരുതെന്നും, നിസ്സാരരെന്നു കരുതി ഒരു വ്യക്തിയേയും അവഗണിക്കരുതെന്നും കവി നമ്മെ ഓർമപെടുത്തുന്നു.

टूटा पहिया എന്ന പാഠം നന്നായി മനസിലാക്കാൻ സഹായകരമാം വിധം ഒരു വർക്ക് ഷീറ്റ് നിങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുകയാണ്. വർക്ക് ഷീറ്റിൽ നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ സ്വയം ചെയ്ത് നോക്കുക. ഹിന്ദി നോട്ട്ബുക്കിൽ അവ രേഖപ്പെടുത്തുക.

**धर्मवीर भारती**



जन्म : 25 दिसंबर 1926, इलाहाबाद

निधन : 4 सितंबर 1997

आधुनिक हिंदी साहित्य के प्रमुख लेखक, कवि, नाटककार और सामाजिक विचारक।

प्रमुख कृतियाँ: मुर्दों का गाँव, स्वर्ग और पृथ्वी, चाँद और टूटे हुए लोग (कहानी संग्रह) ठंडा लोहा, कनुप्रिया (काव्य) गुनाहों का देवता, सूरज का सातवाँ घोड़ा (उपन्यास) अंधायुग (काव्य नाटक)

पुरस्कार : पद्मश्री, संगीत नाटक अकादमी, भारत भारती, व्यास सम्मान

# WORKSHEET -1



*पाठ्य -पुस्तक - पन्ना संख्या 19 में दिया हुआ चित्र*

**चित्र को ध्यान से देखें और कहें**

(ചുവടെ നൽകിയിരിക്കുന്ന ഓപ്ഷനുകളിൽ നിന്നും ശരിയായവ തിരഞ്ഞെടുക്കുക.)

1. चित्र में क्या-क्या देखते हैं ?

   - ☐ चूज़ा ( मुर्गी का बच्चा )
   - ☐ बाढ़ का पानी
   - ☐ घर
   - ☐ पेड़
   - ☐ मोटर गाड़ियाँ
   - ☐ टूटी चप्पल
   - ☐ सड़क
   - ☐ नाव

2. चूज़ा किसके ऊपर है ?

   - ☐ टूटी चप्पल
   - ☐ नाव

आप जानते हैं - चूज़े की जान खतरे में है।

3. आपत्ति के समय चूज़े की सहायता किसने की ?

   - ☐ चूज़े का मालिक
   - ☐ टूटी चप्पल

## तो बताएं

4. यह चित्र आपसे क्या कह रहा है ?

.........................................................................................................................

.........................................................................................................................

.........................................................................................................................

- यह भी देखें -

टूटी हुई चप्पल को हम अनुपयोगी कहते हुए छोड़ देते हैं। लेकिन बाढ़ के अवसर पर टूटी चप्पल चूज़े की सहायता करती है। जिस आदमी / वस्तु को हम व्यर्थ या अनुपयोगी सोचकर छोड़ देते हैं, वह भी कभी-कभी किसी के लिए उपकार कर सकता है।

❖ चित्र का आशय समझ में आया ?

ഓരോ വസ്തുവിനും, വ്യക്ത്തിക്കും അതിന്റെതായ/അവരുടേതായ മഹത്വം ഉണ്ട്.
ഈ ആശയം പ്രതിപാദിക്കുന്ന കവിതയാണ് – ടൂടാ പഹിയ

प्रत्येक वस्तु / व्यक्ति का अपना महत्व है।

❖ इसी आशयवाली एक कविता पढ़ें -

**अक्षौहिणी सेना :**

संपूर्ण चतुरंगिणी सेना। इसमें 109350 पैदल, 65610 घोड़े, 21870 रथ तथा 21870 हाथी रहते हैं।

**ब्रह्मास्त्र :**

एक प्रकार का प्राचीन कल्पित अस्त्र जो मंत्र द्वारा चलाता था; कभी विफल न होनेवाली युक्ति।

कविता

# टूटा पहिया

**धर्मवीर भारती**



मैं
रथ का टूटा हुआ पहिया हूँ
लेकिन मुझे फेंको मत!
क्या जाने; कब
इस दुरूह चक्रव्यूह में
अक्षौहिणी सेनाओं को चुनौती देता हुआ
कोई दुस्साहसी अभिमन्यु आकर घिर जाए
अपने पक्ष को असत्य जानते हुए भी
बड़े-बड़े महारथी
अकेली निहत्थी आवाज़ को
अपने ब्रह्मास्त्रों से कुचल देना चाहें
तब मैं
रथ का टूटा हुआ पहिया
उसके हाथों में
ब्रह्मास्त्रों से लोहा ले सकता हूँ!
मैं रथ का टूटा हुआ पहिया हूँ
लेकिन मुझे फेंको मत
इतिहासों की सामूहिक गति
सहसा झूठी पड़ जाने पर
क्या जाने
सच्चाई टूटे हुए पहियों का आश्रय ले!

# शब्द और अर्थ

पहिया - चक्र, ചക്രം, Wheel
फेंकना - എറിയുക, to throw
दुरूह - समझने में मुश्किल, മനസ്സിലാക്കാൻ പ്രയാസമുള്ള, mysterious
चुनौती - ललकार, വെല്ലുവിളി, challenge
घिर जाना - വളയപ്പെടുക, be surrounded by
पक्ष - പക്ഷം, side
निहत्थी - जिसके हाथ में कोई हथियार न हो, निरायुध, നിരായുധൻ, weaponless, armless
निहत्थी आवाज़ - निरायुध व्यक्ति की असहाय आवाज़, നിരായുധനായ ആളുടെ നിസ്സഹായ സ്വരം, voice of an unarmed person
महारथी - महान व्यक्ति, महान योद्धा മഹാന്മാർ, prestigious person, a great warrior
कुचल देना - रौंदना, ചവിട്ടി മെതിക്കുക, to run over, to crush
ब्रह्मास्त्र - ബ്രഹ്മാസ്ത്രം, भयानक से भयानक हथियार, a powerful weapon
लोहा लेना - सामना करना, मुकाबला करना, ധീരമായി നേരിടുക
इतिहास - घटित घटनाओं का वर्णन, ചരിത്രം, history
सामूहिक - सम्मिलित, संगठित, കൂട്ടായിട്ടുള്ള, collective
सहसा - अचानक, तुरंत, പെട്ടെന്ന്, suddenly
झूठी पड़ना - असत्य साबित होना, असत्य सिद्ध होना, പ്രയോജനമില്ലാതാവുക, അസത്യത്തിന്റെ പാതയിലാവുക
सच्चाई - सत्य, സത്യം, truth
आश्रय - सहारा, സഹായം, ആശ്രയം

WORKSHEET -2

# कविता के शब्द और प्रतीकार्थ

## കവിതയിലെ പ്രതീകങ്ങൾ

കവിതയുടെ സമകാലിക പ്രസക്തി സംബന്ധിച്ച ചോദ്യങ്ങൾക്ക് ഉത്തരം എഴുതുമ്പോൾ ഇത്തരം പ്രതീകങ്ങളുടെ പ്രയോഗം ശ്രദ്ധിക്കേണ്ടതാണ്.




**അഭിമന്യു**

പാണ്ഡവനായ അർജ്ജുനന് ശ്രീകൃഷ്ണസഹോദരിയായ സുഭദ്രയിൽ ജനിച്ചമകനാണ് ഇദ്ദേഹം. ഗർഭസ്ഥശിശുവായിരിക്കെത്തന്നെ മഹാഭാരതകഥയിൽ പ്രമുഖസ്ഥാനം കരസ്ഥമാക്കിയ കഥാപാത്രമാണ് അഭിമന്യു. സുഭദ്ര ഗർഭിണിയായിരിക്കെ മകരവ്യൂഹം, കൂർമ്മവ്യൂഹം, സർപ്പവ്യൂഹം, ചക്രവ്യൂഹം തുടങ്ങി വിവിധ വ്യൂഹങ്ങളിൽ കടക്കേണ്ടതും അവയെ ആക്രമിച്ച് കീഴ്പ്പെടുത്തേണ്ടതുമായ രീതികൾ കൃഷ്ണൻ സുഭദ്രയുടെ സാന്നിധ്യത്തിൽ അര്ജ്ജുനനോട് സവിസ്തരം വിവരിച്ചു കേൾപ്പിച്ചു. വ്യൂഹങ്ങളിൽ പ്രധാനമായ ചക്രവ്യൂഹത്തിൽ കടക്കുന്നതെങ്ങനെയെന്ന കാര്യം വിശദീകരിച്ചുകഴിഞ്ഞപ്പോൾ സുഭദ്ര ഉറക്കത്തിലേക്ക് വഴുതിയത് കണ്ട് കൃഷ്ണൻ വിവരണം നിർത്തി. സുഭദ്ര ഗർഭിണിയായിരിക്കുന്നവസരത്തിലാണ് ഈ സംഭാഷണം നടന്നത്. ഗർഭസ്ഥശിശുവായ അഭിമന്യു ഇതു ശ്രദ്ധിക്കുകയും, അമ്മയുടെ ഉദരത്തിൽവെച്ചുതന്നെ ഈ വിദ്യകളെല്ലാം സസൂക്ഷ്മം ഹൃദിസ്ഥമാക്കി. വിവരണം പാതിയിൽ നിർത്തിയതിനാൽ അഭിമന്യുവിനു ചക്രവ്യൂഹത്തിലേക്ക് കടക്കാനുള്ള മാർഗ്ഗം മാത്രമേ മനസ്സിലാക്കാൻ സാധിച്ചുള്ളൂ. ചക്രവ്യൂഹത്തിൽ നിന്ന് പുറത്തേക്ക് കടക്കാനുള്ള വിദ്യ മനസ്സിലാക്കാൻ സാധിക്കാത്തത് പിൽക്കാലത്ത് മഹാഭാരതയുദ്ധത്തിൽ അദ്ദേഹത്തിന്റെ അന്ത്യത്തിന് വഴിവെക്കുകയും ചെയ്തു.



മഹാഭാരതയുദ്ധത്തിൻറെ പതിമൂന്നാം ദിവസമാണ് അഭിമന്യുവിന്റെയതായി മാറിയത്. അന്നേദിവസം ചക്രവ്യൂഹം ചമച്ച് അത് തകർക്കാൻ കൗരവർ പാണ്ഡവരെ വെല്ലുവിളിച്ചു. ശ്രീകൃഷ്ണനും അർജ്ജുനനും ചക്രവ്യൂഹം ഭേദിച്ച് ശത്രുക്കളെ പരാജയപ്പെടുത്തുന്ന വിദ്യ അറിയാമായിരുന്നതിനാൽ പാണ്ഡവർ വെല്ലുവിളി സ്വീകരിച്ചു. എന്നാൽ ശ്രീകൃഷ്ണനെയും അർജ്ജുനനെയും യുദ്ധമുന്നണിയുടെ മറ്റൊരു ഭാഗത്തേക്ക് മാറ്റി പാണ്ഡവരെ പരാജയപ്പെടുത്താനായിരുന്നു കൗരവരുടെ പദ്ധതി. ഈ ദൗത്യം അവർ ഭംഗിയായി നിർവഹിച്ചു. അതോടെ ചക്രവ്യൂഹം ഭേദിക്കാൻ സാധിക്കാതെ പാണ്ഡവർ കുഴങ്ങി. ഇതിനെത്തുടർന്ന് ചക്രവ്യൂഹത്തിനുള്ളിൽ കടക്കാൻ അറിയാമായിരുന്ന പതിനാറുകാരനായ അഭിമന്യു ഈ ദൗത്യം ഏറ്റെടുക്കാനുറച്ചു. എന്നാൽ ചക്രവ്യൂഹത്തിൽനിന്ന് പുറത്തുകടക്കാൻ അഭിമന്യുവിന് സാധിക്കില്ലെന്ന് അറിയാമായിരുന്നു. മറ്റു പാണ്ഡവർ അഭിമന്യുവിനോടൊപ്പം ചക്രവ്യൂഹം ഭേദിച്ച് ഉള്ളിലേക്ക് കയറാനും തീരുമാനമായി.തീരുമാനപ്രകാരം അഭിമന്യു ചക്രവ്യൂഹം ഭേദിക്കാൻ തയ്യാറായി. ദ്രോണാചാര്യരുടെ നേരെ തേര് നയിക്കാനായിരുന്നു അഭിമന്യു ആദ്യം തന്നെ തേരാളിക്ക് നല്കിയ ആജ്ഞ. എന്നാൽ യുദ്ധനിപുണനായ ദ്രോണരുടെ മുന്നിലേക്ക് ബാല്യം വിട്ടുമാറാത്ത അഭിമന്യുവിനെ നയിക്കുന്നതിൽ പന്തികേട് കണ്ട തേരാളി അറച്ചുനിന്നു. പക്ഷേ അഭിമന്യുവിന്റെ നിരന്തരമായ ആജ്ഞയുടെ അടിസ്ഥാനത്തിൽ തേരാളി ദ്രോണാചാര്യരുടെ നേരെ തേര് നയിക്കുകയും ചക്രവ്യൂഹം ഭേദിച്ച് ഉള്ളിൽക്കയറുകയും ചെയ്തു. എന്നാൽ അഭിമന്യുവിനോടൊപ്പം മറ്റുള്ളവർക്കും ചക്രവ്യൂഹത്തിനുള്ളിലേക്ക് കടക്കാമെന്ന പാണ്ഡവരുടെ മോഹം സിന്ധു രാജാവായ ജയദ്രഥൻ തകർത്തു. ഇതോടെ ചക്രവ്യൂഹം ചമച്ചുനിൽക്കുന്ന കൗരവരുടെ മുന്നിൽ അഭിമന്യു ഒറ്റപ്പെട്ടു. ഒറ്റപ്പെട്ടെങ്കിലും അതിഭയങ്കരമായ യുദ്ധത്തിനാണ് പിന്നീട് കുരുക്ഷേത്രം സാക്ഷ്യം വഹിച്ചത്. ദുര്യോധനപുത്രൻ ലക്ഷ്മണൻ, അംശകന്റെ പുത്രൻ, ശല്യരുടെ ഇളയ സഹോദരൻ, ശല്യരുടെ മകൻ രുക്മാരഥൻ, ദ്രിഘലോചനൻ, കുന്ദവേധി, സുഷേണൻ, വാസതിയൻ, ക്രതൻ തുടങ്ങി ഒട്ടേറെ വീരശൂരപരാക്രമികൾക്ക് അഭിമന്യുവിൻറെ മുന്നിൽ ജീവൻ വെടിയേണ്ടിവരുന്നു. ദുശ്ശാസനൻ യുദ്ധമുന്നണിയിൽ മോഹാലസ്യപ്പെട്ടുവീണു. മകൻ കൊല്ലപ്പെട്ടെന്നറിഞ്ഞ ദുര്യോധനൻ കൗരവരോടൊന്നടങ്കം അഭിമന്യുവിനോടെതിരിടാൻ ആജ്ഞാപിച്ചു. ഇതോടെ യുദ്ധനിയമങ്ങളെല്ലാം കാറ്റിൽ പറത്തി കൗരവർ എല്ലാവരും ചേർന്ന് ഒറ്റയാനായി നിൽക്കുന്ന അഭിമന്യുവിനോടെതിരിട്ടു. ഇത്രയൊക്കെയായിട്ടും പതറാതെ മുന്നേറിക്കൊണ്ടിരുന്ന അഭിമന്യുവിനെക്കണ്ട് കൗരവർ നിരാശരായി. ദ്രോണാചാര്യരുടെ ഉപദേശത്തെത്തുടർന്ന് കർണ്ണൻ പിന്നിൽനിന്ന് അമ്പെയ്ത് അഭിമന്യുവിൻറെ വില്ല് തകർത്തു. പിന്നീട് തേര് തകർക്കുകയും തേരാളിയെയും കുതിരകളെയും കൊല്ലുകയും ചെയ്തു. പിന്നീട് കുതിരകളുടെയും ആനകളുടെയും പുറത്തുകയറി വാളെടുത്ത് അഭിമന്യു യുദ്ധത്തിനൊരുങ്ങി. തേർചക്രമായിരുന്നു പരിചയായി ഉപയോഗിച്ചത്. ഒരു ഉപയോഗവുമില്ല എന്ന് പറഞ്ഞു നിസ്സാരമായി കരുതപ്പെടുന്ന വസ്തുവാണ് **പൊട്ടിയ ചക്രം.** എന്നാൽ ആപത്ഘട്ടത്തിൽ ഈ പൊട്ടിയ ചക്രമാണ് സത്യ-ധർമത്തിനായുള്ള പോരാട്ടത്തിൽ അഭിമന്യുവിന് ആയുധമായി മാറിയത്. ദുര്യോധന പുത്രനായ ലക്ഷ്മണനെ അഭിമന്യു കൊന്നു. തുടർന്ന് ദുശ്ശാസനന്റെ പുത്രനുമായി നേരിട്ടെതിരിടുകയായിരുന്ന അഭിമന്യു, ഈ സമയം കൗരവരൊന്നടങ്കം അദ്ദേഹത്തോടെതിരിടുകയും വാളും തേർചക്രവും തകർക്കുകയും ചെയ്തു. തുടർന്ന് നിരായുധനായ അഭിമന്യുവിന്റെ ശിരസ്സ് ദുശ്ശാസനപുത്രൻ ഗദ കൊണ്ടടിച്ചു തകർത്തു. എങ്കിലും മരിക്കുന്നതിനു മുമ്പ് ദുശ്ശാസനപുത്രനെ അഭിമന്യു സ്വന്തം ഗദ കൊണ്ട് അടിച്ചു സാരമായി പരിക്കേൽപ്പിച്ചു. മഹാഭാരതയുദ്ധത്തിൽ യുദ്ധനീതി കാറ്റിൽ പറന്നത് അഭിമന്യുവിന്റെ മരണത്തോടെയാണ്.

**ബ്രഹ്മാസ്ത്രം**

ബ്രഹ്മാവിന്റെ സൃഷ്ടിയാണിത്. പരമശിവൻ ഈ അസ്ത്രം അഗസ്ത്യന് നല്കി. അഗസ്ത്യൻ അഗ്നിവേശനും. അഗ്നിവേശൻ ദ്രോണർക്കും, ദ്രോണർ അർജ്ജുനനും കൈമാറി. സത്യം പുലർത്തുകയും ധർമ്മം നിലനിർത്തുകയുമാണ് ബ്രഹ്മാസ്ത്രത്തിന്റെ ലക്ഷ്യം.

**അക്ഷൌഹിണി**

പ്രാചീന ഭാരതത്തിലെ വലിയ ഒരു സേനാവിഭാഗം. 21870 ആന, അത്രയും തന്നെ രഥം, അതിന്റെ മൂന്നിരട്ടി (65610) കുതിര, അഞ്ചിരട്ടി (109350) കാലാൾ എന്നിവ അടങ്ങിയ സൈന്യം. കുരുക്ഷേത്ര യുദ്ധത്തിൽ പാണ്ഡവ പക്ഷത്ത് 7, കൌരവ പക്ഷത്ത് 11 – ഇങ്ങനെ ആകെ 18 അക്ഷൌഹിണിപ്പട പങ്കെടുത്ത് ചത്തൊടുങ്ങിയതായി മഹാഭാരതത്തിൽ പറഞ്ഞു കാണുന്നു.

**ചക്രവ്യൂഹം**

18 തരം സൈന്യവ്യൂഹങ്ങളിൽ ഒന്നാണ് ചക്രവ്യൂഹം. മണ്ഡലാകൃതിയിൽ നിലയുറപ്പിച്ചിട്ടുള്ള സൈന്യം, എട്ടുചുറ്റുകളോടും ഒറ്റ മാർഗത്തോടും കൂടിയ സൈന്യവിന്യാസ രീതി. ചക്രവ്യൂഹം ഭേദിക്കുക എന്നത് വളരെ ശ്രമകരമാണ്.

WORKSHEET - 3

# आस्वादन टिप्पणी

- ❖ കവിതയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ हताशा से एक व्यक्ति बैठ गया था എന്ന അധ്യായത്തിൽ പഠിച്ചുവല്ലോ.
- ❖ अब हम धर्मवीर भारती की कविता टूटा पहिया पर एक विश्लेषणात्मक टिप्पणी तैयार करेंगे।
- ❖ उससे पहले नीचे प्रस्तुत सूचनाओं पर ध्यान दीजिए।
  - ➢ टिपणी तैयार करते समय किन-किन बातों पर ध्यान देना चाहिए -




1. കവി, കവിത – പരിചയപെടുത്തുക
2. കവിതയുടെ ആശയം
3. ഭാഷ-ശൈലീപരമായ അവലോകനം
4. കവിതയുടെ കാലികപ്രസക്തി
5. ആശയ-സമർത്ഥനത്തിനുവേണ്ടി കവിതഭാഗം പ്രതിപാദിക്കൽ
6. കവിതശീർഷകത്തിന്റെ സാർത്ഥകത
7. കവിതയുടെ സന്ദേശം/ ഉപസംഹാരം

# आस्वादन टिप्पणी

धर्मवीर भारती हिंदी साहित्य के प्रमुख कवि हैं। उन्होंने अपनी कविताओं में अपने समय के जीवन यथार्थ को चित्रित किया है। इसके लिए उन्होंने पौराणिक मिथकों और आख्यानों का भरपूर इस्तेमाल किया है।



टूटा पहिया धर्मवीर भारती की प्रसिद्ध कविता है। यह एक प्रतीकात्मक रचना है। इस प्रतीक को कवि ने महाभारत कथा से लिया है। पांडवों और कौरवों के बीच के युद्ध में अर्जुन और सुभद्रा का वीर पुत्र अभिमन्यु



भी तीर-धनुष लेकर निकलता है। कौरवों की अक्षौहिणी सेनाओं से बने चक्रव्यूह में बालक अभिमन्यु बड़ी ही हिम्मत से अकेले प्रवेश करता है। धर्म की स्थापना के लिए कौरव पक्ष को चुनौती देते हुए अभिमन्यु लड़ता है। कौरव-पक्ष के बड़े-बड़े महारथी अपने पक्ष को असत्य, अन्याय, और अधर्म जानते हैं। फिर भी धोखे से अभिमन्यु को अपने ब्रह्मास्त्रों से निहत्था (निरायुध) बना लेते हैं। युद्ध क्षेत्र में निरायुध योद्धा से लड़ना अधार्मिक है। लेकिन कौरव पक्ष के महारथी अभिमन्यु से लड़ते हैं। निरायुध अभिमन्यु टूटे पहिए को हथियार बनाकर महारथियों का सामना करता है।

महाभारत के इस प्रसंग की याद दिलाते हुए कवि कहते हैं कि उस प्रकार की अधार्मिक घटनाएँ आज भी हो रही हैं। बड़े-बड़े पूँजीपति एवं शासक वर्ग आम जनता का शोषण कर रहे हैं। बदलती हुई सामूहिक गति अधर्म की ओर हो जाने पर सत्य के पक्ष को टूटे

हुए पहियों से भी सहारा मिलता है। अक्सर टूटे पहिए को बेकार समझकर छोड़ दिया जाता है। लेकिन कवि उसकी संभावनाओं को पहचानता है। **इसलिए कवि टूटे हुए पहिए को तुच्छ समझकर न फेंकने का आह्वान करते हैं।**



**टूटा पहिया** उपेक्षित सामान्य मनुष्य याने लघु मानव और मानवीय-मूल्यों का प्रतीक है। **अभिमन्यु** सत्य-धर्म के पक्ष में रहनेवाले साहसी लोगों का प्रतीक है। संसार असत्य, अधर्म और अन्याय से सड रहा है। इस अवसर पर सत्य की पुन:स्थापना की लड़ाई में टूटे पहिए की तरह ये उपेक्षित लघु-मानव या मानवीय-मूल्य भी भागीदार बनेंगे। पौराणिक कथा के अभिमन्यु के समान गाँधी, मंडेला, श्री बुद्ध, श्री नारायण गुरु जैसे महात्मा लोकमंगल के लिए खड़े रहते थे। इसके लिए वे आम जनता और अहिंसा, सत्य, समता जैसे मूल्यों को साथ लेते थे। अतः इन मूल्यों की उपेक्षा मत करनी चाहिए।

आत्मकथात्मक शैली में लिखित यह कविता आम जनता के प्रति आशावादी दृष्टिकोण रखती है।



# WORKSHEET - 4

## उत्तर लिखिए -

1. यह कविता कौन-सा पौराणिक प्रसंग की याद दिलाती है ?
2. “अपने पक्ष को असत्य जानते हुए भी...” - किसके बारे में यह कहा गया है ?
3. अकेली निहत्थी आवाज़ किसका विशेषण है ?
4. टूटा पहिया किसका प्रतीक है ?
5. अभिमन्यु किसका प्रतीक है ?
6. महारथी किसका प्रतीक है ?
7. निरायुध होने पर अभिमन्यु ने किसे शस्त्र बनाकर शत्रुओं का सामना किया ?
8. कवि टूटे पहिए को तुच्छ क्यों नहीं समझते हैं ?

## समानार्थी शब्द कविता से चुनकर लिखिए -

| | |
|---|---|
| 1. अचानक | |
| 2. सहारा | |
| 3. चक्र | |
| 4. ललकार | |
| 5. निरायुध | |
| 6. सामना करना | |
| 7. सैन्य | |
| 8. सत्य | |
| 9. झूठ | |

## विशेषण शब्द चुनकर लिखिए -

1. टूटा पहिया -
2. दुरूह चक्रव्यूह -
3. अक्षौहिणी सेना -
4. दुस्साहसी अभिमन्यु -
5. बड़े-बड़े महारथी -
6. अकेली आवाज़ -
7. सामूहिक गति -

**कविता के प्रतीकों को चुनकर खंभे में लिखें। वर्तमान परिवेश में प्रतीक किसका प्रतिनिधित्व करता होगा? यह भी लिखें।**

| प्रतीक | किसका प्रतिनिधित्व करता है। |
|---|---|
| ◆ | ◆ |
| ◆ | ◆ |
| ◆ | ◆ |
| ◆ | ◆ |
| ◆ | ◆ |

# WORKSHEET - 5

- **पढ़ें,**

तब मैं
रथ का टूटा हुआ पहिया
उसके हाथों में
ब्रह्मास्त्रों से लोहा ले सकता हूँ!

**-इन पंक्तियों में चर्चित पौराणिक संदर्भ वर्तमान परिवेश में कहाँ तक प्रासंगिक है?**

- **पढ़ें,**

इतिहासों की सामूहिक गति
सहसा झूठी पड़ जाने पर
क्या जाने
सच्चाई टूटे हुए पहियों का आश्रय ले!

**-इन पंक्तियों से कवि क्या बताना चाहते हैं?**

- **संबंध पहचानकर सही मिलान करें।**

| | |
|---|---|
| • मैं रथ का टूटा पहिया | दुस्साहसी अभिमन्यु आकर घिर जाए। |
| • इतिहासों की सामूहिक गति झूठी पड़ने पर | ब्रह्मास्त्रों से लोहा ले सकता हूँ। |
| • अक्षौहिणी सेनाओं को चुनौती देता हुआ | सच्चाई टूटे हुए पहियों का आश्रय ले। |

| | |
|---|---|
| • मैं रथ का टूटा पहिया | ---------------------------- |
| • इतिहासों की सामूहिक गति झूठी पड़ने पर | ---------------------------- |
| • अक्षौहिणी सेनाओं को चुनौती देता हुआ | ---------------------------- |

PREPARED BY :
ARJUN K, HST HINDI, GHSS NARIKKUNI, KOZHIKODE &
SHIGESH G S, HST HINDI, KKMGVHSS ORKKATTERI, KOZHIKODE